<u>ഭരണഭാഷ- മാതൃഭാഷ</u>

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്**
ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം - 695033
ഫോൺ/ഫാക്സ് : 0471-2305318/0471-2305317
ഇ-മെയിൽ: ecostatdir@gmail.com
Website: www.ecostat.kerala.gov.in

**നം: ഡിഇഎസ്**/3115/2026-പിബി(3) **തീയതി: 11-08-2026**

---

## <u>ടെണ്ടർ നോട്ടീസ്/ദർഘാസ് പരസ്യം</u>

**ടെണ്ടർ നമ്പർ: ഡി.ഇ.എസ്/2/2026-27** **തീയതി:11-08-2026**

2026- ലെ ഓണം വാരാഘോഷത്തിന്റെ ഭാഗമായി 30.08.2026- ന് തിരുവനന്തപുരത്ത് നടക്കുന്ന സമാപന ഘോഷയാത്രയിൽ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ ഫ്ലോട്ട് അവതരിപ്പിക്കുന്നതിനായി, ഫ്ലോട്ടിന്റെ രൂപകൽപ്പന, നിർമ്മാണം, അലങ്കാരം, ഗതാഗതം, ലൈറ്റിംഗ്, ശബ്ദ സംവിധാനം എന്നിവയും ടെണ്ടർ രേഖയിൽ വ്യക്തമാക്കിയിട്ടുള്ള അനുബന്ധ ഘോഷയാത്രാ ക്രമീകരണങ്ങളും നിർവഹിക്കുന്നതിന് യോഗ്യതയുള്ള വ്യക്തികൾ/സ്ഥാപനങ്ങൾ/ഏജൻസികളിൽ നിന്നും മുദ്രവച്ച ടെണ്ടറുകൾ ക്ഷണിക്കുന്നു.

**1. പ്രവൃത്തിയുടെ പേര്**

സംസ്ഥാനതല ഓണം വാരാഘോഷം 2026- ന്റെ സമാപന ഘോഷയാത്രയിൽ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ ഫ്ലോട്ടിന്റെ രൂപകൽപ്പന, നിർമ്മാണം, അലങ്കാരം, ഗതാഗതം, അവതരണം എന്നിവയും അനുബന്ധ ഘോഷയാത്രാ ക്രമീകരണങ്ങളും നിർവഹിക്കൽ.

**2. തീം**

**"സ്ഥിതിവിവരക്കണക്കിൻ കരുത്തിൽ പുതുയുഗ കേരളം"**

ഫ്ലോട്ടിന്റെ അടിസ്ഥാന ആശയം **"സ്ഥിതിവിവരക്കണക്കുകളുടെ വൃക്ഷം"** ആയിരിക്കും. വിവിധ സർവേകളും സെൻസസുകളും വേരുകളായും, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് തണ്ടായും, സ്ഥിതിവിവരക്കണക്ക് സമ്പ്രദായം/വിവരസംസ്കരണം ശാഖകളായും, പ്രധാന സ്ഥിതിവിവരക്കണക്ക് ഉൽപ്പന്നങ്ങളും സൂചകങ്ങളും ഫലങ്ങളായും പ്രതിനിധീകരിക്കുന്ന തരത്തിൽ ഈ ആശയം ദൃശ്യാവിഷ്കരിക്കണം.

**3. അടങ്കൽ തുക**

പരമാവധി 4,00,000/- രൂപ (നാല് ലക്ഷം രൂപ മാത്രം).

**4. ടെണ്ടർ ഫോം വില**

ടെണ്ടർ ഫോമിന്റെ വില = 944/- രൂപ [അടങ്കൽ തുകയുടെ 0.2% + 18% ജി.എസ്.ടി].

**5. നിരതദ്രവ്യം (EMD)**

10,000/- രൂപ (അടങ്കൽ തുകയുടെ 2.5%)

**6. ടെണ്ടർ സമയക്രമം**

| ഇനം | തീയതി / സമയം |
|---|---|
| ടെണ്ടർ പ്രസിദ്ധീകരിക്കുന്ന/ പുറപ്പെടുവിക്കുന്ന തീയതി | 11.08.2026 |
| ടെണ്ടർ ഫോമും രേഖകളുടെയും വിൽപ്പന/ ലഭ്യതയുടെ അവസാന തീയതിയും സമയവും | 14.08.2026, 04.00 pm |
| ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും | 18.08.2026, 03.00 pm |
| ടെണ്ടർ തുറക്കുന്ന തീയതിയും സമയവും | 18.08.2026, 03.00 pm |

**7. ടെണ്ടർ സമർപ്പിക്കൽ**

ടെണ്ടർ രേഖകൾ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറേറ്റ്, അഞ്ചാം നില, വികാസ് ഭവൻ, തിരുവനന്തപുരം – 695033 എന്ന വിലാസത്തിൽ പ്രവൃത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് ലഭ്യമായിരിക്കും. നിശ്ചിത ടെണ്ടർ ഫോം വിലയായ 944/- രൂപ (800/- രൂപ + 18% GST) അടച്ച് ടെണ്ടർ രേഖകൾ കൈപ്പറ്റാവുന്നതാണ്.

ടെണ്ടർ സമർപ്പിക്കുന്നവർ ടെണ്ടർ പരസ്യത്തിലും ടെണ്ടർ രേഖകളിലും നിർദ്ദേശിച്ചിട്ടുള്ള രീതിയിൽ മുദ്രവച്ച കവറിൽ ടെണ്ടർ സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറേറ്റ്, അഞ്ചാം നില, വികാസ് ഭവൻ, തിരുവനന്തപുരം – 695033 എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്. കവറിന്റെ പുറത്ത് **"ഡി.ഇ.എസ് ഓണം ഫ്ലോട്ട് 2026 – ടെണ്ടർ നമ്പർ- ഡി.ഇ.എസ്/2/2026-27"** എന്ന് വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.

ടെണ്ടറിനോടൊപ്പം ആവശ്യപ്പെട്ടിട്ടുള്ള സാങ്കേതിക വിവരങ്ങൾ, അനുബന്ധ രേഖകൾ, വിലപ്പട്ടിക, അണ്ടർടേക്കിംഗ്, EMD, ടെണ്ടർ ഫോം വില എന്നിവ നിശ്ചിത രീതിയിൽ സമർപ്പിക്കേണ്ടതാണ്.

നിശ്ചിത തീയതിക്കും സമയത്തിനും ശേഷം ലഭിക്കുന്ന ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല. ടെണ്ടർ തുറക്കുന്ന സമയത്ത് ടെണ്ടർ സമർപ്പിച്ചവർക്കോ

അവരുടെ അധികാരപ്പെടുത്തിയ പ്രതിനിധികൾക്കോ പങ്കെടുക്കാവുന്നതാണ്.

D E S നിർദ്ദേശിച്ചിരിക്കുന്ന അടിസ്ഥാന ആശയത്തിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന ടെണ്ടർ സമർപ്പകൻ തയ്യാറാക്കുന്ന വിശദമായ രൂപകൽപ്പന/3 D രൂപകൽപ്പന വകുപ്പിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്. വകുപ്പിന്റെ അംഗീകാരം ലഭിച്ചതിനുശേഷം മാത്രമേ അംഗീകരിച്ച രൂപകൽപ്പന പ്രകാരം ഫ്ലോട്ടിന്റെ നിർമ്മാണം ആരംഭിക്കാൻ പാടുള്ളൂ.

**8. പ്രവൃത്തിയുടെ പൊതുവായ പരിധി**

അംഗീകരിച്ച ആശയം, വിശദമായ പ്രവൃത്തിയുടെ പരിധി, സാങ്കേതിക സവിശേഷതകൾ, സർക്കാർ ഉത്തരവ്, ഓണം ഫ്ലോട്ട് മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ച് ഫ്ലോട്ടിന്റെ നിർമ്മാണവും അനുബന്ധ ഘോഷയാത്രാ ക്രമീകരണങ്ങളും ഉൾപ്പെടെയുള്ള പൂർണ്ണ പ്രവൃത്തി വിജയകരമായി നിർവഹിക്കേണ്ടതാണ്.

പ്രവൃത്തിയുടെ ഭാഗമായി താഴെപ്പറയുന്നവ ഉൾപ്പെടും:

- അംഗീകരിച്ച ആശയത്തിന്റെ അടിസ്ഥാനത്തിൽ ഫ്ലോട്ടിന്റെ **3D** രൂപകൽപ്പന തയ്യാറാക്കുകയും, സാങ്കേതിക സവിശേഷതകൾ, സർക്കാർ ഉത്തരവ്, ഓണം ഫ്ലോട്ട് മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ച് ഫ്ലോട്ട് നിർമ്മിക്കുകയും കലാപരമായി അവതരിപ്പിക്കുകയും ചെയ്യുക.
- ഫ്ലോട്ടിന്റെ ഘടന, വൃക്ഷത്തിന്റെ വേരുകൾ, തണ്ട്, ശാഖകൾ, ഫലങ്ങൾ എന്നിവ ത്രിമാന രൂപത്തിൽ നിർമ്മിക്കുക.
- ആവശ്യമായ മോഡലുകൾ, ശിൽപ്പങ്ങൾ, അലങ്കാര ഘടകങ്ങൾ എന്നിവ നിർമ്മിക്കുക.
- സർക്കാർ മുദ്ര, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ പേര്, ലോഗോ, അംഗീകരിച്ച മറ്റ് തിരിച്ചറിയൽ ഘടകങ്ങൾ എന്നിവ ഉൾപ്പെടുത്തുക.
- ആവശ്യമായ ലൈറ്റിംഗ്, വൈദ്യുത ക്രമീകരണങ്ങൾ, ശബ്ദ/അനൗൺസ്മെന്റ് സംവിധാനം എന്നിവ ഏർപ്പെടുത്തുക.
- ഫ്ലോട്ടിനാവശ്യമായ വാഹനം/പ്ലാറ്റ്ഫോം ഏർപ്പെടുത്തുകയും **loading, unloading, transportation, positioning** എന്നിവ നിർവഹിക്കുകയും ചെയ്യുക.
- മുത്തുക്കുട, അനൗൺസ്മെന്റ് തുടങ്ങിയ നിർദ്ദിഷ്ട അനുബന്ധ ഘോഷയാത്രാ ക്രമീകരണങ്ങൾ ഏർപ്പെടുത്തുക.
- ഫ്ലോട്ടിന്റെ സ്ഥാപിക്കൽ, അഴിച്ചുമാറ്റൽ, മാലിന്യനീക്കം എന്നിവ നിർവഹിക്കുക.

**9. പ്രധാന നിർബന്ധിത വ്യവസ്ഥകൾ**

- ഫ്ലോട്ടിന്റെ പരമാവധി അളവ്: നീളം **20** അടി × വീതി **10** അടി × റോഡിൽ നിന്ന് പരമാവധി ഉയരം **16** അടി.
- കേരളത്തിന്റെ വികസനത്തിൽ ഔദ്യോഗിക സ്ഥിതിവിവരക്കണക്കുകളുടെ

പങ്ക് പൊതുജനങ്ങൾക്ക് ദൃശ്യപരമായി എളുപ്പം മനസ്സിലാകുന്ന വിധത്തിൽ അവതരിപ്പിക്കണം.

- സർവേകളും സെൻസസുകളും വേരുകളായും, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് കേന്ദ്രഘടകമായും, പ്രധാന സ്ഥിതിവിവരക്കണക്ക് ഉൽപ്പന്നങ്ങൾ ഫലങ്ങളായും പ്രതിനിധീകരിക്കുന്ന വൃക്ഷാധിഷ്ഠിത ആശയം ഉൾപ്പെടുത്തണം.
- ഗ്രീൻ പ്രോട്ടോക്കോളും ബാധകമായ സുരക്ഷാ നിർദ്ദേശങ്ങളും കർശനമായി പാലിക്കണം.
- അപകടകരമായ/സ്ഫോടക വസ്തുക്കൾ ഉപയോഗിക്കരുത്. ഫ്ലോട്ടിൽ ഫയർ എക്സ്റ്റിംഗ്വിഷർ ഉണ്ടായിരിക്കണം.
- ഓണം ആഘോഷ/ഘോഷയാത്രാ കമ്മിറ്റിയുടെയും മറ്റ് അധികാരപ്പെട്ട ഉദ്യോഗസ്ഥരുടെയും നിർദ്ദേശങ്ങൾ പാലിക്കണം.
- അന്തിമ ആർട്ട്വർക്ക്/രൂപകൽപ്പന സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ അംഗീകാരത്തിന് വിധേയമായിരിക്കും.

**10. ടെണ്ടർ രേഖകൾ**

താഴെപ്പറയുന്നവ ടെണ്ടർ രേഖയുടെ ഭാഗമായിരിക്കും:

1. പ്രവൃത്തിയുടെ പരിധിയും സാങ്കേതിക സവിശേഷതകളും;
2. ടെണ്ടർ സമർപ്പിക്കുന്നവർക്കുള്ള നിർദ്ദേശങ്ങളും വ്യവസ്ഥകളും;
3. ടെണ്ടർ ഫോം;
4. വിലപ്പട്ടിക/ പ്രൈസ് ഷെഡ്യൂൾ;
5. അണ്ടർടേക്കിംഗ്;
6. മറ്റ് അനുബന്ധ രേഖകൾ, ബാധകമായ പക്ഷം.

**11. ടെണ്ടർ അംഗീകരിക്കൽ/നിരസിക്കൽ**

ബാധകമായ ചട്ടങ്ങൾക്കും ടെണ്ടർ വ്യവസ്ഥകൾക്കും വിധേയമായി, ഏതെങ്കിലും ടെണ്ടർ പൂർണ്ണമായോ ഭാഗികമായോ സ്വീകരിക്കാനോ നിരസിക്കാനോ, ടെണ്ടർ നടപടികൾ റദ്ദാക്കാനോ മാറ്റിവയ്ക്കാനോ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് ശ്രീ പ്രേമരാജൻ ഇ വി , ജോയിന്റ് ഡയറക്ടർ & നോഡൽ ഓഫീസറെ **9447890227** എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

Digitally signed by
Shailamma K
Date: 11-08-2026
19:39:16

**DIRECTOR**

**അനുബന്ധം – I**

**പ്രവൃത്തിയുടെ പരിധിയും സാങ്കേതിക സവിശേഷതകളും**

**1. പശ്ചാത്തലം**

2026 ആഗസ്റ്റ് 30- ന് നടക്കുന്ന സംസ്ഥാനതല ഓണം വാരാഘോഷത്തിന്റെ സമാപന ഘോഷയാത്രയിൽ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ ഫ്ലോട്ട് അവതരിപ്പിക്കുന്നതിനാണ് ഈ പ്രവൃത്തി. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് നിർവഹിക്കേണ്ട പൂർണ്ണ പ്രവൃത്തിക്കായി 4,00,000/- രൂപ പരമാവധി ചെലവായി നിശ്ചയിച്ചിരിക്കുന്നു.

**2. തീം**

**"സ്ഥിതിവിവരക്കണക്കിൻ കരുത്തിൽ പുതുയുഗ കേരളം"**

**3. ഫ്ലോട്ടിന്റെ പ്രധാന ആശയ ഘടകങ്ങൾ**

**3.1 അടിസ്ഥാന ആശയം – സ്ഥിതിവിവരക്കണക്കുകളുടെ** വൃക്ഷം

സർവേകൾ, സെൻസസുകൾ, മറ്റ് വിവരശേഖരണ പ്രവർത്തനങ്ങൾ എന്നിവ ഔദ്യോഗിക സ്ഥിതിവിവരക്കണക്കുകളുടെ അടിത്തറയാണെന്നും, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് സ്ഥാപനപരമായ കേന്ദ്രഘടകമാണെന്നും, അവയിൽനിന്ന് ലഭിക്കുന്ന പ്രധാന സ്ഥിതിവിവരക്കണക്ക് ഉൽപ്പന്നങ്ങളും സൂചകങ്ങളും കേരളത്തിന്റെ അറിവാധിഷ്ഠിതവും തെളിവാധിഷ്ഠിതവുമായ വികസനത്തിന് സഹായകരമാണെന്നും ദൃശ്യപരമായി അവതരിപ്പിക്കുന്ന രീതിയിലായിരിക്കണം ഫ്ലോട്ടിന്റെ ആശയം.

**3.2. വേരുകൾ– സ്ഥിതിവിവരക്കണക്ക് വിവരശേഖരണത്തിന്റെ അടിത്തറ**

വേരുകളുടെ ഭാഗത്ത് കാർഷിക സർവേ, ഹൗസിങ് സർവേ, സാമൂഹിക-സാമ്പത്തിക സർവേ, ആനുകാലിക സർവേ, വിലശേഖരണ സർവേ, തൊഴിൽ സർവേ, വ്യാവസായിക സർവേ, അസംഘടിത മേഖല സർവേ, ജനന–മരണ സർവേ, കാർഷിക സെൻസസ്, സാമ്പത്തിക സെൻസസ്, കുടുംബ ബഡ്ജറ്റ് സർവേ എന്നീ സർവേകളും സെൻസസുകളും ദൃശ്യപരമായി ഉൾപ്പെടുത്തണം.

**3.3. തണ്ട് / സ്ഥാപനപരമായ കേന്ദ്രഘടകം**

ഫ്ലോട്ടിന്റെ കേന്ദ്രഭാഗത്ത് "സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് (DES)" എന്നത് വ്യക്തമായി പ്രതിനിധീകരിക്കണം. വകുപ്പ്, ജില്ലാ/താലൂക്ക് തല സ്ഥിതിവിവരക്കണക്ക് സംവിധാനങ്ങൾ എന്നിവയെക്കുറിച്ചുള്ള ദൃശ്യാവിഷ്കാരം DES അംഗീകരിക്കുന്ന രൂപത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

**3.4. ഫലങ്ങൾ – പ്രധാന സ്ഥിതിവിവരക്കണക്ക് ഉൽപ്പന്നങ്ങൾ**

ഫലങ്ങളുടെ രൂപത്തിൽ ആഭ്യന്തര ഉൽപ്പാദനം, പ്രതിശീർഷ വരുമാനം, ജനസംഖ്യ വിവരങ്ങൾ, ജനന–മരണ വിവരങ്ങൾ, ഉപഭോക്തൃ വില സൂചിക,

പ്രതിശീർഷ ഉപഭോഗ ചെലവ്, സാമൂഹിക & ആരോഗ്യ സൂചകങ്ങൾ, ജീവിത നിലവാര സൂചകങ്ങൾ, പ്രാദേശിക വികസന സൂചകങ്ങൾ, തൊഴിൽ & തൊഴിലില്ലായ്മ, കാർഷിക സ്ഥിതിവിവരക്കണക്കുകൾ, വ്യാവസായിക & കമ്പോള വില സൂചകങ്ങൾ തുടങ്ങിയ പ്രധാന സ്ഥിതിവിവരക്കണക്ക് ഉൽപ്പന്നങ്ങളും സൂചകങ്ങളും ദൃശ്യപരമായി അവതരിപ്പിക്കണം.

**3.5. ദൃശ്യാവതരത്തിന്റെ ഭാഗമായ ഇതര ഘടകങ്ങൾ**

വൃക്ഷത്തിന് മുന്നിലായി വകുപ്പിന്റെ പരിശീലന സ്ഥാപനമായ **SASA-** യെ **MaNSRA-** യായി പുനഃവിഭാവനം ചെയ്യുന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യത്തെ **(Vision 2031)** സൂചിപ്പിക്കുന്നതിനായി പ്രസ്തുത സ്ഥാപനത്തിന്റെ മാതൃകയുടെ രൂപകൽപ്പന ഉൾപ്പെടുത്തണം.

സ്ഥാപനത്തിനും വൃക്ഷത്തിനും നടുവിലായി ലൈബ്രറിയുടെ പശ്ചാത്തലവും, മരത്തിൽ നിന്നുള്ള സ്ഥിതിവിവരക്കണക്ക് ഫലങ്ങൾ റിപ്പോർട്ടുകളായി ലൈബ്രറിയിൽ സൂക്ഷിക്കുന്നതുമായ ആവിഷ്കാരവും, പുസ്തകങ്ങളുടെ **3D** മാതൃകകളും ഉൾപ്പെടുത്തണം.

**3.6. വികസന സന്ദേശം**

'പുതുയുഗ കേരളം' എന്ന വിശാലമായ ആശയവുമായി സ്ഥിതിവിവരക്കണക്കുകളെയും തെളിവാധിഷ്ഠിത ആസൂത്രണത്തെയും കേരളത്തിന്റെ വികസനത്തെയും ബന്ധിപ്പിക്കുന്ന തരത്തിലുള്ള സമന്വയ ദൃശ്യാവിഷ്കാരം ഉണ്ടായിരിക്കണം.

അന്തിമ ദൃശ്യരൂപം സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ അംഗീകാരത്തിന് വിധേയമായിരിക്കും.

മുകളിൽ പരാമർശിച്ച ആശയഘടകങ്ങളിലെ ഉള്ളടക്കത്തിലോ ദൃശ്യാവിഷ്കാരത്തിലോ ആവശ്യമായ ചെറിയ മാറ്റങ്ങൾ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ നിർദ്ദേശാനുസരണം വരുത്തേണ്ടതാണ്. അത്തരം മാറ്റങ്ങൾ അംഗീകരിച്ച പ്രവൃത്തിയുടെ പരിധിയിലും ക്വോട്ട് ചെയ്ത തുകയിലും അടിസ്ഥാനപരമായ മാറ്റം വരുത്തുന്നതായിരിക്കില്ല.

**4. ഫ്ലോട്ടിന്റെ അളവ്**

ഫ്ലോട്ടിന്റെ പരമാവധി അളവ് **20** അടി നീളം × **10** അടി വീതി × റോഡിന്റെ നിരപ്പിൽ നിന്ന് **16** അടി ഉയരം എന്ന പരിധിയിൽ ആയിരിക്കണം.

**5. ഫ്ലോട്ടിന്റെ രൂപകൽപ്പനയും നിർമ്മാണവും**

- അംഗീകരിച്ച ആശയത്തിന്റെ അടിസ്ഥാനത്തിൽ ഫ്ലോട്ടിന്റെ വിശദമായ **3D രൂപകൽപ്പന** തയ്യാറാക്കണം.
- ഫ്ലോട്ടിന്റെ ഘടന, വൃക്ഷത്തിന്റെ വേരുകൾ, തണ്ട്, ശാഖകൾ, ഫലങ്ങൾ എന്നിവ ത്രിമാന രൂപത്തിൽ നിർമ്മിക്കണം.

- ആവശ്യമായ മോഡലുകൾ, ശിൽപ്പങ്ങൾ, അലങ്കാര ഘടകങ്ങൾ എന്നിവ നിർമ്മിക്കണം.
- സർക്കാർ മുദ്ര, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ പേര്, ലോഗോ, അംഗീകരിച്ച മറ്റ് തിരിച്ചറിയൽ ഘടകങ്ങൾ എന്നിവ ഉൾപ്പെടുത്തണം.
- സാങ്കേതിക സവിശേഷതകൾ, സർക്കാർ ഉത്തരവ്, ഓണം ഫ്ലോട്ട് മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചായിരിക്കണം ഫ്ലോട്ടിന്റെ നിർമ്മാണവും കലാപരമായ അവതരണവും.
- ആവശ്യമായ ലൈറ്റിംഗ്, വൈദ്യുത ക്രമീകരണങ്ങൾ എന്നിവ ഏർപ്പെടുത്തണം.

**6. വാഹനം, ഗതാഗതം, സ്ഥാനനിർണ്ണയം**

- ഫ്ലോട്ട് സ്ഥാപിക്കുന്നതിന് അനുയോജ്യമായ വാഹനം/പ്ലാറ്റ്ഫോം ഏർപ്പെടുത്തണം.
- വാഹനത്തിന്റെ ശേഷി ഫ്ലോട്ടിന്റെ വലിപ്പത്തിനും ഭാരത്തിനും അനുയോജ്യമായിരിക്കണം.
- ഫ്ലോട്ടിന്റെ സുരക്ഷിതമായ ഗതാഗതം ഉറപ്പാക്കണം.
- **Loading, unloading, transportation, positioning** എന്നിവ നിർവഹിക്കണം.
- ഘോഷയാത്രാ കമ്മിറ്റി നിർദ്ദേശിക്കുന്ന സ്ഥലത്തും സമയത്തും ഫ്ലോട്ട് എത്തിക്കണം.
- വാഹനത്തിന് നിയമപരമായ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണം.

**7. ഘോഷയാത്രയോടനുബന്ധിച്ച ഘടകങ്ങൾ**

ഫ്ലോട്ടിനോടൊപ്പം താഴെപ്പറയുന്ന അനുബന്ധ ഘോഷയാത്രാ ക്രമീകരണങ്ങളും ടെണ്ടർ സമർപ്പകൻ ഏർപ്പെടുത്തണം:

- **6** മുത്തുക്കുടകളും അവ ചൂടുന്നതിന് ആവശ്യമായ ആളുകളെയും അനുബന്ധ ക്രമീകരണങ്ങളെയും ഉൾപ്പെടുത്തണം.
- ഫ്ലോട്ടിന്റെ ആശയം പൊതുജനങ്ങൾക്ക് വ്യക്തമായി മനസ്സിലാകുന്ന രീതിയിൽ ആവശ്യമായ അനൗൺസ്മെന്റ്/ശബ്ദ സംവിധാനം ഏർപ്പെടുത്തണം. അനൗൺസ്മെന്റ് സ്ക്രിപ്റ്റ് വകുപ്പ് ലഭ്യമാക്കുന്നതാണ്. അതുപ്രകാരം റെക്കോർഡിംഗ് പൂർത്തീകരിച്ച് വകുപ്പിന് മുന്നിൽ മുൻകൂർ അവതരിപ്പിച്ച് ഉറപ്പുവരുത്തിയശേഷം മാത്രം ഘോഷയാത്രയിൽ അവതരിപ്പിക്കേണ്ടതാണ്.
- വകുപ്പിന്റെ പേര്, അംഗീകരിച്ച തീം, ആവശ്യമായ സന്ദേശം എന്നിവ ഉൾപ്പെടുത്തിയ പ്രദർശന സാമഗ്രികൾ ഏർപ്പെടുത്തണം.

**8. ഫ്ലോട്ടിന്റെ നിർമ്മാണവും സുരക്ഷയും**

- അപകടകരമായ, സ്ഫോടക, തീപിടിത്ത സാധ്യതയുള്ള അല്ലെങ്കിൽ മറ്റ് ഹാനികരമായ വസ്തുക്കൾ ഉപയോഗിക്കരുത്.
- ഫ്ലോട്ടിൽ ഫയർ എക്സ്റ്റിംഗ്വിഷർ നിർബന്ധമായും ഉണ്ടായിരിക്കണം.
- ഗ്രീൻ പ്രോട്ടോക്കോൾ കർശനമായി പാലിക്കണം.
- വിവാദപരമോ വിഭാഗീയത സൃഷ്ടിക്കുന്നതോ ആയ ഉള്ളടക്കം ഉൾപ്പെടുത്തരുത്.
- ബാധകമായ എല്ലാ നിയമങ്ങളും ചട്ടങ്ങളും അധികാരപ്പെട്ട സ്ഥാപനങ്ങളുടെ നിർദ്ദേശങ്ങളും പാലിക്കണം.

**9. ഘോഷയാത്രയും ഘോഷയാത്രാനന്തര ഉത്തരവാദിത്തങ്ങളും**

- ഓണം ഘോഷയാത്രാ കമ്മിറ്റി നിർദ്ദേശിക്കുന്ന സമയത്തും സ്ഥലത്തും ഫ്ലോട്ട് എത്തിച്ച് സജ്ജമാക്കണം.
- ഘോഷയാത്രാ അധികാരികൾ അനുവദിക്കുന്ന നമ്പർ നിർദ്ദേശിച്ച രീതിയിൽ ഫ്ലോട്ടിൽ പ്രദർശിപ്പിക്കണം.
- സേവനങ്ങളുടെ ഭാഗമായി ഫ്ലോട്ടിനെ അനുഗമിക്കുന്ന ആളുകളുടെ എണ്ണം ഔദ്യോഗിക മാർഗ്ഗനിർദ്ദേശത്തിൽ നിശ്ചയിച്ച പരിധിയിൽ കവിയരുത്.
- ആവശ്യപ്പെട്ടാൽ ഫ്ലോട്ടിനെ അനുഗമിക്കുന്നവരുടെ പേരും ഫോൺ നമ്പറും ബന്ധപ്പെട്ട അധികാരികൾക്ക് സമർപ്പിക്കണം.
- ഫ്ലോട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട എല്ലാ മാലിന്യങ്ങളും നീക്കം ചെയ്യണം.
- ഘോഷയാത്രയ്ക്കുശേഷം ഫ്ലോട്ടിന്റെ ഭാഗങ്ങളോ മറ്റ് മാലിന്യങ്ങളോ റോഡിൽ ഉപേക്ഷിക്കരുത്.

**10. ആർട്ട് വർക്ക്/രൂപകൽപ്പന അംഗീകാരം**

വർക്ക് ഓർഡർ ലഭിച്ചതിനുശേഷം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ ആർട്ട്‌വർക്ക്, ലേഔട്ട്, ത്രിമാന ദൃശ്യരൂപം എന്നിവ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന് സമർപ്പിക്കണം.

സമർപ്പിക്കുന്ന രൂപകൽപ്പനയിൽ താഴെപ്പറയുന്നവ ഉൾപ്പെടണം:

- ഫ്ലോട്ടിന്റെ വിശദമായ **3D Design;**
- **Front, Rear, Left and Right Views;**
- ഉപയോഗിക്കുന്ന സാമഗ്രികളുടെ വിശദാംശങ്ങൾ;
- ലൈറ്റിംഗ് **Arrangement;**
- **Lettering/Text** എന്നിവയുടെ വിശദാംശങ്ങൾ.

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ അംഗീകാരം ലഭിച്ചതിനു ശേഷം മാത്രമേ അന്തിമ ഫ്ലോട്ട് നിർമ്മാണം ആരംഭിക്കാവൂ. അംഗീകരിച്ച രൂപകൽപ്പനയിൽ നിന്ന് വ്യതിചലനം വരുത്താൻ പാടില്ല. **D E S** നിർദ്ദേശിക്കുന്ന യുക്തിസഹമായ തിരുത്തലുകൾ ടെണ്ടർ സമർപ്പകൻ വരുത്തേണ്ടതാണ്.

**11. പൂർത്തീകരണം**

ഘോഷയാത്രയ്ക്ക് മുമ്പായി ഫ്ലോട്ടും അനുബന്ധ ക്രമീകരണങ്ങളും പൂർണ്ണമായി സജ്ജമാക്കി നിർദ്ദേശിച്ച സ്ഥലത്ത് എത്തിക്കണം. ഘോഷയാത്രാനന്തര പ്രവൃത്തികൾക്ക് **Annexure II**-ലെ വ്യവസ്ഥകൾ ബാധകമായിരിക്കും.

**12. ടെണ്ടർ തുകയിൽ ഉൾപ്പെടേണ്ട ചെലവുകൾ**

വ്യക്തമായി ഒഴിവാക്കിയിട്ടില്ലാത്ത പക്ഷം, സാമഗ്രികൾ, തൊഴിൽ, കലാപരമായ പ്രവർത്തനങ്ങൾ, നിർമ്മാണം, അലങ്കാരം, വാഹനം/പ്ലാറ്റ്ഫോം, ഗതാഗതം, ലൈറ്റിംഗ്, അനൗൺസ്മെന്റ്/ശബ്ദ സംവിധാനം, മുത്തുക്കുട, പ്രദർശന സാമഗ്രികൾ, സ്ഥാപിക്കൽ, അഴിച്ചുമാറ്റൽ, സ്ഥലം വൃത്തിയാക്കൽ, മാലിന്യനീക്കം, മറ്റ് അനുബന്ധ ചെലവുകൾ എന്നിവ ഉൾപ്പെടെ പൂർണ്ണ പ്രവൃത്തിയുടെ എല്ലാ ചെലവുകളും ജി.എസ്.ടി തുകയും നിയമപരമായി കുറവ് ചെയ്യുന്ന തുകയും ക്വോട്ട് ചെയ്ത തുകയിൽ ഉൾപ്പെട്ടിരിക്കണം. ബാധകമായ **TDS**, **GST-TDS**, മറ്റ് നിയമാനുസൃത കുറവുകൾ എന്നിവ നിലവിലുള്ള ചട്ടങ്ങൾക്കനുസരിച്ച് ബില്ലിൽ നിന്നും കുറയ്ക്കുന്നതാണ്.

**13. തുക അനുവദിക്കൽ**

പ്രവൃത്തി തൃപ്തികരമായി പൂർത്തിയാക്കി, നിർദ്ദിഷ്ട വ്യവസ്ഥകൾ പാലിക്കുകയും അന്തിമ ബിൽ/ആവശ്യമായ രേഖകൾ സമർപ്പിക്കുകയും ചെയ്തതിനുശേഷം മാത്രമേ ബാധകമായ നിയമാനുസൃത കുറവുകൾക്ക് വിധേയമായി പണം അനുവദിക്കുകയുള്ളൂ. മുൻകൂർ തുക അനുവദിക്കുന്നതല്ല.

Digitally signed by **DIRECTOR**
Shailamma K
Date: 11-08-2026
19:46:16

## അനുബന്ധം – II

## ടെണ്ടർ സമർപ്പിക്കുന്നവർക്കുള്ള നിർദ്ദേശങ്ങളും വ്യവസ്ഥകളും

**1. ടെണ്ടർ സമർപ്പിക്കുന്നതിനുള്ള യോഗ്യത**

ടെണ്ടർ സമർപ്പിക്കുന്ന വ്യക്തി/സ്ഥാപനം/ഏജൻസി പ്രസ്തുത പ്രവൃത്തി നിർവഹിക്കുന്നതിന് നിയമപരമായും സാങ്കേതികമായും ശേഷിയുള്ളതായിരിക്കണം.

ടെണ്ടർ സമർപ്പിക്കുന്നവർ:

- സമാനമായ ഫ്ലോട്ട് നിർമ്മാണം, പ്രദർശന നിർമ്മാണം, ഇവന്റ് ഫാബ്രിക്കേഷൻ/അലങ്കാര പ്രവൃത്തികൾ എന്നിവ നിർവഹിച്ചിട്ടുള്ളവരായിരിക്കണം;
- ആവശ്യമായ സാങ്കേതിക പരിജ്ഞാനവും മനുഷ്യവിഭവശേഷിയും ഉണ്ടായിരിക്കണം;
- ആവശ്യമായിടത്ത് PAN/GST രജിസ്ട്രേഷൻ ഉണ്ടായിരിക്കണം;
- സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് ബ്ലാക്ക്‌ലിസ്റ്റ് ചെയ്യപ്പെട്ടവരോ ഡീബാർ ചെയ്യപ്പെട്ടവരോ ആയിരിക്കരുത്;
- പ്രസക്തമായ മുൻപരിചയ രേഖകൾ സമർപ്പിക്കണം;
- ടെണ്ടർ രേഖയിൽ ആവശ്യപ്പെട്ടിട്ടുള്ള മറ്റ് അനുബന്ധ രേഖകൾ സമർപ്പിക്കണം.

**2. ടെണ്ടർ ഫോം വില**

ടെണ്ടർ ഫോം വിലയായി നിശ്ചയിച്ചിട്ടുള്ള 944/- രൂപ (800/- രൂപ + 18% GST) നിർദ്ദിഷ്ട രീതിയിൽ ടെണ്ടറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ടെണ്ടർ ഫോം വില തിരികെ നൽകുന്നതല്ല.

**3. നിരതദ്രവ്യം (EMD)**

പരമാവധി അടങ്കൽ തുകയായ 4,00,000/- രൂപയുടെ 2 . 5 ശതമാനമായ 10,000/- രൂപ നിരതദ്രവ്യമായി, ദേശസാൽകൃത ബാങ്കിൽ നിന്നും ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, അഞ്ചാം നില, വികാസ്ഭവൻ, തിരുവനന്തപുരം- 695033 എന്ന ഡിമാന്റ് ഡ്രാഫ്റ്റായി ടെണ്ടറിനൊപ്പം നിർദ്ദിഷ്ട രീതിയിൽ സമർപ്പിക്കേണ്ടതാണ്. അല്ലാത്തവ സ്വീകരിക്കുന്നതല്ല. നിശ്ചിത വ്യവസ്ഥകൾ പാലിക്കാത്ത സാഹചര്യത്തിൽ, ബാധകമായ ചട്ടങ്ങൾക്കനുസരിച്ച് EMD കണ്ടുകെട്ടുന്നതാണ്.

**4. ടെണ്ടർ സമർപ്പിക്കുന്ന രീതി**

- ടെണ്ടർ സമർപ്പിക്കുന്നവർ ടെണ്ടർ പരസ്യത്തിലും ടെണ്ടർ രേഖകളിലും നിർദ്ദേശിച്ചിട്ടുള്ള രീതിയിൽ ടെണ്ടർ സമർപ്പിക്കേണ്ടതാണ്.

- ടെണ്ടറിനോടൊപ്പം ആവശ്യപ്പെട്ടിട്ടുള്ള സാങ്കേതിക വിവരങ്ങൾ, അനുബന്ധ രേഖകൾ, വിലപ്പട്ടിക, അണ്ടർടേക്കിംഗ് എന്നിവ നിശ്ചിത രീതിയിൽ സമർപ്പിക്കണം.
- D E S നിർദ്ദേശിച്ചിരിക്കുന്ന അടിസ്ഥാന ആശയത്തിന്റെ അടിസ്ഥാനത്തിൽ വിശദമായ രൂപകൽപ്പന ടെണ്ടർ സമർപ്പകൻ തയ്യാറാക്കി വകുപ്പിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്. അംഗീകരിച്ച രൂപകൽപ്പനയുടെ അടിസ്ഥാനത്തിൽ മാത്രമേ ഫ്ലോട്ട് നിർമ്മാണം നടത്താൻ പാടുള്ളൂ.

**5. ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയതിയും സമയവും**

ടെണ്ടർ പരസ്യത്തിൽ വ്യക്തമാക്കിയിട്ടുള്ള അവസാന തീയതിക്കും സമയത്തിനും മുമ്പായി ടെണ്ടർ ലഭിച്ചിരിക്കണം. നിശ്ചിത തീയതിക്കും സമയത്തിനും ശേഷം ലഭിക്കുന്ന ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല.

**6. ടെണ്ടറിന്റെ സാധുത**

ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി മുതൽ **31.08.2026** വരെ ടെണ്ടർ സാധുവായിരിക്കും.

**7. നിരക്ക്**

ടെണ്ടർ സമർപ്പിക്കുന്നവർ പൂർണ്ണ പ്രവൃത്തിക്കുള്ള ഏകീകൃത നിരക്ക് ക്വോട്ട് ചെയ്യേണ്ടതാണ്. ക്വോട്ട് ചെയ്യുന്ന തുക:

- സ്ഥിരമായതായിരിക്കണം;
- ടെണ്ടർ രേഖയിൽ ഉൾപ്പെടുത്തിയിട്ടുള്ള മുഴുവൻ പ്രവൃത്തികളും ഉൾക്കൊള്ളുന്നതായിരിക്കണം;
- സാമഗ്രികളുടെ വിലവർധനവ്, തൊഴിൽച്ചെലവിലെ വർധനവ്, ഗതാഗതച്ചെലവിലെ വർധനവ് തുടങ്ങിയ കാരണങ്ങളാൽ വർധിപ്പിക്കാൻ പാടില്ല.
- അധിക തുക പിന്നീട് ആവശ്യപ്പെടാൻ പാടില്ല.

**8. നികുതികളും മറ്റ് നിയമാനുസൃത ബാധ്യതകളും**

ടെണ്ടർ സമർപ്പിക്കുന്നവർ ക്വോട്ട് ചെയ്യുന്ന തുകയിൽ ബാധകമായ **GST** ഉൾപ്പെടെയാണ് രേഖപ്പെടുത്തേണ്ടത്. ബാധകമായ **TDS, GST-TDS,** മറ്റ് നിയമാനുസൃത കുറവുകൾ എന്നിവ നിലവിലുള്ള ചട്ടങ്ങൾക്കനുസരിച്ച് ബില്ലിൽ നിന്നും കുറയ്ക്കുന്നതാണ്.

**9. രൂപകൽപ്പന, പരിശോധന, അംഗീകാരം**

വർക്ക് ഓർഡർ ലഭിച്ചതിനു ശേഷം ടെണ്ടർ സമർപ്പകൻ ടെണ്ടർ രേഖയിൽ നിർദ്ദേശിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ വിശദമായ ആർട്ട്‌വർക്ക്/ലേഔട്ട്/**3D** രൂപകൽപ്പന വകുപ്പിന് സമർപ്പിക്കണം.

വകുപ്പിന്:

- രൂപകൽപ്പന പരിശോധിക്കാനും;
- ആവശ്യമായ തിരുത്തലുകൾ നിർദ്ദേശിക്കാനും;
- സാങ്കേതിക സവിശേഷതകൾ പരിശോധിക്കാനും;
- അംഗീകരിച്ച രൂപകൽപ്പനയിൽ നിന്നുള്ള വ്യതിയാനം തടയാനും അധികാരമുണ്ടായിരിക്കും.

വകുപ്പിന്റെ അംഗീകാരം ലഭിക്കുന്നതിന് മുമ്പ് അന്തിമ നിർമ്മാണം ആരംഭിക്കാൻ പാടില്ല.

**10. പ്രവൃത്തി പരിശോധനയും ഗുണനിലവാരവും**

പ്രവൃത്തി നിർവഹിക്കുന്നതിനിടയിലും പൂർത്തീകരണത്തിന് മുമ്പും വകുപ്പ് നിയോഗിക്കുന്ന ഉദ്യോഗസ്ഥർക്ക് പ്രവൃത്തി പരിശോധിക്കാവുന്നതാണ്.

അംഗീകരിച്ച രൂപകൽപ്പന, സാങ്കേതിക സവിശേഷതകൾ, അളവുകൾ, ഉപയോഗിക്കുന്ന സാമഗ്രികളുടെ ഗുണനിലവാരം എന്നിവയിൽ വ്യതിയാനം കണ്ടെത്തിയാൽ അത് കരാറുകാരൻ സ്വന്തം ചെലവിൽ പരിഹരിക്കേണ്ടതാണ്.

**11. സർക്കാർ ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ**

താഴെപ്പറയുന്നവ കർശനമായി പാലിക്കേണ്ടതാണ്:

- ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ;
- ഔദ്യോഗിക ഓണം ഫ്ലോട്ട് മാർഗ്ഗനിർദ്ദേശങ്ങൾ;
- ഓണം ആഘോഷ/ഘോഷയാത്രാ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ;
- പോലീസ്, ഫയർ & റെസ്ക്യൂ സർവീസസ് ഉൾപ്പെടെയുള്ള ബന്ധപ്പെട്ട അധികാരികളുടെ നിർദ്ദേശങ്ങൾ;
- ബാധകമായ മറ്റ് നിയമങ്ങളും ചട്ടങ്ങളും.

**12. സുരക്ഷയും ഉത്തരവാദിത്തവും**

ഫ്ലോട്ടിന്റെ സുരക്ഷിതമായ നിർമ്മാണം, ഗതാഗതം, ഘോഷയാത്രയ്ക്കിടയിലെ പ്രവർത്തനം എന്നിവ ഉറപ്പാക്കുന്നതിനുള്ള ഉത്തരവാദിത്തം കരാറുകാരനാണ്.

പ്രത്യേകിച്ച്:

- സ്ഫോടക വസ്തുക്കൾ ഉപയോഗിക്കരുത്;
- അപകടകരമായ വസ്തുക്കൾ ഉപയോഗിക്കരുത്;
- തീപിടിത്ത സാധ്യതയുള്ള വസ്തുക്കളുടെ ഉപയോഗം ഒഴിവാക്കണം;
- ആവശ്യമായ ഫയർ എക്സ്റ്റിംഗ്വിഷർ ഫ്ലോട്ടിൽ ഉണ്ടായിരിക്കണം;
- വൈദ്യുത സംവിധാനങ്ങൾ സുരക്ഷിതമായിരിക്കണം;
- ഫ്ലോട്ടിന്റെ ഘടന യാത്രയ്ക്കിടെ സുരക്ഷിതമായിരിക്കണം;
- ഫ്ലോട്ടിന്റെ അനുവദനീയമായ അളവുകൾ കവിയരുത്;
- ഘോഷയാത്രാ അധികാരികളുടെ സുരക്ഷാ നിർദ്ദേശങ്ങൾ പാലിക്കണം.

സുരക്ഷാ വ്യവസ്ഥകൾ പാലിക്കാത്തതുമൂലം ഉണ്ടാകുന്ന നഷ്ടം/നാശനഷ്ടങ്ങൾ

ബാധകമായ നിയമങ്ങളും കരാർ വ്യവസ്ഥകളും അനുസരിച്ച് കൈകാര്യം ചെയ്യുന്നതാണ്.

**13. ഗ്രീൻ പ്രോട്ടോക്കോൾ**

ഫ്ലോട്ട് നിർമ്മാണത്തിലും ഘോഷയാത്രയിലും ഗ്രീൻ പ്രോട്ടോക്കോൾ കർശനമായി പാലിക്കണം.

- പരിസ്ഥിതിക്ക് ഹാനികരമായ വസ്തുക്കളുടെ ഉപയോഗം പരമാവധി ഒഴിവാക്കണം.
- ഒറ്റ തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ, തെർമ്മോകോൾ, ഫ്ലെക്സ് എന്നിവ ഒഴിവാക്കണം.
- നിർമ്മാണവുമായി ബന്ധപ്പെട്ട മാലിന്യങ്ങൾ നീക്കം ചെയ്യണം.
- ഘോഷയാത്രയ്ക്കുശേഷം ഫ്ലോട്ടിന്റെ ഭാഗങ്ങളോ മാലിന്യങ്ങളോ റോഡിൽ ഉപേക്ഷിക്കരുത്.
- പുനരുപയോഗിക്കാവുന്ന/പരിസ്ഥിതി സൗഹൃദ വസ്തുക്കൾക്ക് മുൻഗണന നൽകണം.

**14. ഫ്ലോട്ടിനോടനുബന്ധിച്ച ഘോഷയാത്രാ ക്രമീകരണങ്ങൾ**

ടെണ്ടർ രേഖയിൽ വ്യക്തമാക്കിയിട്ടുള്ള മുത്തുക്കുട, അനൗൺസ്മെന്റ്/ശബ്ദ സംവിധാനം തുടങ്ങിയ അനുബന്ധ ക്രമീകരണങ്ങൾ കരാറുകാരൻ സമയബന്ധിതമായി ഏർപ്പെടുത്തണം.

ഇവയുടെ ഗുണനിലവാരം, എണ്ണം, വലിപ്പം, അവതരണരീതി തുടങ്ങിയവ ടെണ്ടർ രേഖയിലും വകുപ്പിന്റെ നിർദ്ദേശങ്ങളിലും വ്യക്തമാക്കിയിട്ടുള്ളതനുസരിച്ചായിരിക്കണം.

**15. വകുപ്പ് നിർദ്ദേശിക്കുന്ന മാറ്റങ്ങൾ**

അംഗീകരിച്ച **Scope of Work-** നും രൂപകൽപ്പനയ്ക്കും വിധേയമായി വകുപ്പ് നിർദ്ദേശിക്കുന്ന യുക്തിസഹമായ മാറ്റങ്ങളും തിരുത്തലുകളും കരാറുകാരൻ നിർവഹിക്കേണ്ടതാണ്.

**16. പൂർത്തീകരണവും സമയക്രമവും**

**2026** ആഗസ്റ്റ് **30-** ന് നടക്കുന്ന ഘോഷയാത്രയ്ക്ക് മുമ്പായി, ഘോഷയാത്രാ കമ്മിറ്റി/വകുപ്പ് നിർദ്ദേശിക്കുന്ന തീയതിയിലും സമയത്തും സ്ഥലത്തും ഫ്ലോട്ടും അനുബന്ധ ക്രമീകരണങ്ങളും പൂർണ്ണമായി സജ്ജമായിരിക്കണം. ഘോഷയാത്രയ്ക്കുശേഷമുള്ള അഴിച്ചുമാറ്റൽ, മാലിന്യനീക്കം, സ്ഥലം വൃത്തിയാക്കൽ തുടങ്ങിയ പ്രവൃത്തികൾ **2026** ആഗസ്റ്റ് **31-**നകം പൂർത്തിയാക്കേണ്ടതാണ്.

നിശ്ചിത സമയപരിധി പാലിക്കുന്നതിൽ വീഴ്ച വരുത്തിയാൽ ബാധകമായ കരാർ വ്യവസ്ഥകൾ പ്രകാരം നടപടി സ്വീകരിക്കാവുന്നതാണ്.

**17. തുക അനുവദിക്കൽ**

പ്രവൃത്തി തൃപ്തികരമായി പൂർത്തിയാക്കി, ഫ്ലോട്ട് അംഗീകരിച്ച രൂപത്തിൽ തയ്യാറാക്കി ഘോഷയാത്രയിൽ അവതരിപ്പിക്കുകയും കരാറിലെ എല്ലാ അനുബന്ധ സേവനങ്ങളും പൂർത്തിയാക്കുകയും ചെയ്ത ശേഷം അന്തിമ ബിൽ സമർപ്പിക്കുന്ന മുറയ്ക്ക് ബാധകമായ നിയമാനുസൃത കുറവുകൾക്ക് വിധേയമായി പണം അനുവദിക്കുന്നതാണ്. **മുൻകൂർ തുക അനുവദിക്കുന്നതല്ല.** കരാറിൽ വീഴ്ച വരുത്തുന്ന പക്ഷം നഷ്ടം ഈടാക്കുന്നതാണ്.

**18. കരാർ**

വിജയിക്കുന്ന ടെണ്ടർ സമർപ്പകൻ വർക്ക് ഓർഡർ ലഭിച്ചതിനുശേഷം വകുപ്പ് നിർദ്ദേശിക്കുന്ന സമയപരിധിക്കുള്ളിൽ നിശ്ചിത വ്യവസ്ഥകൾ പ്രകാരം വകുപ്പുമായി കരാറിൽ ഏർപ്പെടേണ്ടതാണ്. **Agreement fee, stamp paper** തുടങ്ങിയവ സംബന്ധിച്ച വ്യവസ്ഥകൾ ബാധകമായ ചട്ടങ്ങൾ അനുസരിച്ചായിരിക്കും.

**19. റദ്ദാക്കൽ / കരാർ അവസാനിപ്പിക്കൽ**

അംഗീകരിച്ച രൂപകൽപ്പന, നിശ്ചിത സമയക്രമം, സാങ്കേതിക സവിശേഷതകൾ അല്ലെങ്കിൽ മറ്റ് നിർബന്ധിത വ്യവസ്ഥകൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയാൽ, ബാധകമായ ചട്ടങ്ങളും കരാർ വ്യവസ്ഥകളും അനുസരിച്ച്:

- വർക്ക് ഓർഡർ/കരാർ റദ്ദാക്കുന്നതിനും;
- **EMD** ബാധകമായ സാഹചര്യത്തിൽ കണ്ടുകെട്ടുന്നതിനും;
- നഷ്ടപരിഹാരം/മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിനും വകുപ്പിന് അധികാരമുണ്ടായിരിക്കും.

**20. ടെണ്ടർ നിരസിക്കൽ**

താഴെപ്പറയുന്ന സാഹചര്യങ്ങളിൽ ടെണ്ടർ നിരസിക്കാവുന്നതാണ്:

- നിശ്ചിത തീയതിക്കും സമയത്തിനും ശേഷം ലഭിക്കുന്ന ടെണ്ടറുകൾ;
- ആവശ്യമായ രേഖകൾ സമർപ്പിക്കാത്ത ടെണ്ടറുകൾ;
- ബാധകമായ സാഹചര്യത്തിൽ **EMD**/ടെണ്ടർ ഫോം വില സമർപ്പിക്കാത്ത ടെണ്ടറുകൾ;
- നിർബന്ധിത സാങ്കേതിക വ്യവസ്ഥകൾ പാലിക്കാത്ത ടെണ്ടറുകൾ;
- തെറ്റായതോ വ്യാജമോ ആയ വിവരങ്ങൾ സമർപ്പിച്ച ടെണ്ടറുകൾ;
- പ്രവൃത്തിയുടെ മുഴുവൻ പരിധിയും ഉൾക്കൊള്ളാത്ത ടെണ്ടറുകൾ;
- ടെണ്ടർ വ്യവസ്ഥകൾക്ക് വിരുദ്ധമായ നിബന്ധനകൾ ഉൾപ്പെടുത്തിയ ടെണ്ടറുകൾ.

**21. ടെണ്ടർ അംഗീകരിക്കൽ**

നിശ്ചിത യോഗ്യതാ മാനദണ്ഡങ്ങളും സാങ്കേതിക വ്യവസ്ഥകളും പാലിക്കുന്നതും പ്രവൃത്തിയുടെ മുഴുവൻ പരിധിയും ഉൾക്കൊള്ളുന്നതുമായ ടെണ്ടറുകളുടെ പരിശോധന, മൂല്യനിർണ്ണയം, തിരഞ്ഞെടുപ്പ്, അംഗീകരിക്കൽ എന്നിവ ബാധകമായ സർക്കാർ പ്രൊക്യുർമെന്റ് ചട്ടങ്ങൾക്കും ടെണ്ടർ രേഖകളിലെ വ്യവസ്ഥകൾക്കും അനുസൃതമായായിരിക്കും.

**22. ഡയറക്ടറുടെ അധികാരം**

ബാധകമായ സർക്കാർ ചട്ടങ്ങളും ടെണ്ടർ വ്യവസ്ഥകളും അനുസരിച്ച്:

- ഏതെങ്കിലും ടെണ്ടർ പൂർണ്ണമായോ ഭാഗികമായോ സ്വീകരിക്കാനും;
- ഏതെങ്കിലും ടെണ്ടർ നിരസിക്കാനും;
- ടെണ്ടർ നടപടികൾ റദ്ദാക്കാനോ മാറ്റിവയ്ക്കാനോ;
- ആവശ്യമായ സാഹചര്യത്തിൽ ടെണ്ടർ നടപടിയിൽ ഉചിതമായ തീരുമാനം കൈക്കൊള്ളാനോ;


സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കും.

Digitally signed by
Shailamma K
Date: 11-08-2026
19:42:03


**DIRECTOR**

## ഫ്ലോട്ടിന്റെ ദ്വിമാന രൂപരേഖ

ഫ്ലോട്ടിന്റെ മുൻവശം, ഇടത്-വലത് വശങ്ങൾ, പിൻവശം എന്നിവയുടെ ഏകദേശ ദ്വിമാന രൂപരേഖകൾ ചുവടെ കാണിച്ചിരിക്കുന്നു.







BACK SIDE VIEW
15 FEET
ആഭ്യന്തര ഉൽപ്പാദനം
ജനസംഖ്യ വിവരങ്ങൾ
പ്രതിശീർഷ വരുമാനം
ഉപഭോക്തൃ വില സൂചിക
DIRECTORATE
DISTRICT OFFICE
TALUK STATISTICAL OFFICE
സാക്ഷരത
ജനന–മരണ വിവരങ്ങൾ
കാർഷിക സർവേ
സാമൂഹിക സർവേ
തൊഴിൽ സർവേ
ആനുകാലിക സർവേ
സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്
കേരള സർക്കാർ
10 FEET